**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 183** | **06-10-2025 - ൽ മറുപടിയ്ക്ക്**

**കയർ കോൺക്ലേവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കയർ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും വിവിധ പ്രശ്നങ്ങളിൽ സ്വീകാര്യമായ പരിഹാര മാർഗ്ഗങ്ങൾ ആരായുന്നതിനും ലക്ഷ്യമിട്ട് കയർ കോൺക്ലേവ് സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | **(എ)** ഉണ്ട്. കയർ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും വിവിധ പ്രശ്നങ്ങളിൽ സ്വീകാര്യമായ പരിഹാര മാർഗ്ഗങ്ങൾ ആരായുന്നതിനും ലക്ഷ്യമിട്ട് 2025 സെപ്റ്റംബർ മാസം 23-ാം തീയതിയിൽ കയർ വികസന വകുപ്പിന്റെ നേതൃത്വത്തിൽ വിവിധമേഖലകളിലെ വിദഗ്ധരെ ഉൾപ്പെടുത്തി ആലപ്പുഴയിലെ കയർകോർപ്പറേഷൻ അങ്കണത്തിൽ വെച്ച് " കയർ കോൺക്ലേവ് 2025" സംഘടിപ്പിക്കുകയുണ്ടായി.<br><br>പ്രസ്തുത കോൺക്ലേവിൽ മന്ത്രിമാർ, കയർ മേഖലയിലെ വിദഗ്ധർ, കയറ്റുമതിക്കാർ, ട്രേഡ് യൂണിയൻ പ്രതിനിധികൾ കയർ സഹകരണ സംഘം പ്രതിനിധികൾ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (NID), ഭോപ്പാൽ സെൻട്രൽ കയർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കേരളാ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID), കയർബോർഡ് എന്നീ സ്ഥാപനങ്ങളിലെ പ്രതിനിധികൾ, ജനപ്രതിനിധികൾ എന്നിവർ പങ്കെടുത്തു. "കമ്പോള വെല്ലുവിളികളും ബദൽ മാർഗ്ഗങ്ങളും", "പുതിയകാലം പുതിയ സമീപനം" എന്നീ വിഷയങ്ങളിൽ സെമിനാറുകൾ സംഘടിപ്പിച്ചു. **"കമ്പോള വെല്ലുവിളികളും ബദൽ മാർഗ്ഗങ്ങളും",** എന്ന വിഷയത്തിൽ ഇറക്കുമതി നയത്തിൽ അമേരിക്ക നടപ്പാക്കിയ അധിക തീരുവ കേരളത്തിലെ കയർ വ്യവസായ മേഖലകളിൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങളാണ് ചർച്ച ചെയ്തത്. **"പുതിയകാലം പുതിയ സമീപനം"** എന്ന വിഷയത്തിൽ കയർ മേഖലയിൽ വൈവധ്യവൽക്കരണം ഉൾപ്പെടെ നൂതന ആശയങ്ങൾ നടപ്പിലാകേണ്ടതിന്റെ ആവശ്യകതയെ കുറിച്ചും ചർച്ച നടന്നു . മേൽ രണ്ടു വിഷയത്തിലും കൂടി |

| | | | |
|---|---|---|---|
| | | | ഉരുത്തിരിഞ്ഞ പ്രധാനപ്പെട്ട തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• യൂറോപ്യൻ രാജ്യങ്ങൾ, ബ്രിക്സ് രാജ്യങ്ങൾ എന്നിവിടങ്ങളിൽ നിന്നും കൂടുതൽ ഓർഡറുകൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക . കയറുൽപ്പന്നങ്ങളുടെ ഉപയോഗം സംബന്ധിച്ച് ഒരു അവബോധം മറ്റു രാജ്യങ്ങളിൽ ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.<br>• ആഭ്യന്തര വിപണനം സജീവമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.<br>• ഉത്പന്ന വൈവിധ്യവത്ക്കരണം ശക്തിപ്പെടുത്തുക.<br>• നിലവിൽ കയർ വ്യവസായത്തിൽ വാല്യൂ അഡിഷൻ പ്രോസസ് മാത്രമെ നടക്കുന്നുള്ളൂ. എന്നാൽ കൂടുതൽ ഇന്നവേറ്റീവ് സസ്റ്റൈനബിൾ പ്രൊഡക്ട്സ് ഉണ്ടാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തേണ്ടതുണ്ട്.<br>• പിവിസി ടഫ്റ്റിംഗ് യൂണിറ്റുകളിൽ ഉണ്ടാകുന്ന കട്ടിംഗ് വേസ്റ്റുകൾ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നതിനാൽ അവ പുനരുപയോഗിച്ച് ഒരു പുതിയ പ്രോഡക്ട് ഉണ്ടാക്കുന്നതിനുള്ള പഠനങ്ങൾ നടത്തിയെങ്കിലും നാളിതുവരെ വിജയകരമാക്കുവാൻ സാധിച്ചില്ല. ഇതിനുവേണ്ട ആർ & ഡി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.<br>• ഉൽപ്പന്ന നിർമ്മാണത്തിന് ആധുനിക യന്ത്രങ്ങൾ സ്ഥാപിക്കുക.<br>• പുതുതലമുറയെ കയർ മേഖലയിലേയ്ക്ക് ആകർഷിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ സജ്ജമാക്കുക. |
| (ബി) | കയർ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി രൂപീകരിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | **(ബി)** കയർ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 26-08-2022 ലെ സ.ഉ(സാധാ)നം.930/2022/ID പ്രകാരം രൂപീകരിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ വിലയിരുത്തിയിട്ടുണ്ട്. മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ **അനുബന്ധമായി** ചേർക്കുന്നു. |
| (സി) | ഇന്ത്യയ്ക്കുമേൽ അമേരിക്ക ചുമത്തിയിട്ടുള്ള അധിക തീരുവ കയർ മേഖലയിലുണ്ടാക്കാവുന്ന | (സി) | **(സി)** ഉണ്ട്. നിലവിൽ കയർമേഖലയിൽ നിന്നും 75% കയറ്റുമതിയും അമേരിക്കയിലേക്കാണ് എന്ന കാരണത്താൽ ഇന്ത്യയ്ക്കുമേൽ അമേരിക്ക ചുമത്തിയ |

| | | | |
|---|---|---|---|
| | പ്രത്യാഘാതങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | | അധികതീരുവയുടെ പ്രത്യാഘാതം ഈ മേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്. പൊതുമേഖലയിൽ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന് ഏകദേശം 4 കോടി രൂപയുടെ ഓർഡറുകളുടെ കുറവ് വന്നിട്ടുണ്ട്. കൂടാതെ ഈ മേഖലയിലെ എക്സ്പോർട്ടേഴ്സ് നൽകിയ കണക്കുകൾ പ്രകാരം കയറ്റുമതി സ്ഥാപനങ്ങൾക്ക് ഈ സാമ്പത്തിക വർഷം ആദ്യപാദത്തിൽ ഏകദേശം **150** കോടിയലധികം രൂപയുടെ ഓർഡറുകളുടെ ലഭ്യതക്കുറവ് ഉണ്ടാകുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.**2025 സെപ്റ്റംബർ മാസം 23-ാം തീയതിയിൽ ആലപ്പുഴ വെച്ച് നടന്ന "കയർ കോൺക്ലേവ് 2025" ൽ "കമ്പോള വെല്ലുവിളികളും ബദൽ മാർഗ്ഗങ്ങളും",** എന്ന വിഷയത്തിൽ ഇറക്കുമതി നയത്തിൽ അമേരിക്ക നടപ്പാക്കിയ അധിക തീരുവ കേരളത്തിലെ കയർ വ്യവസായ മേഖലകളിൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങൾ ചർച്ച ചെയ്യുകയുണ്ടായി. താഴെപ്പറയുന്ന പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ചു.<br>• യൂറോപ്യൻ രാജ്യങ്ങൾ, ബ്രിക്സ് രാജ്യങ്ങൾ എന്നിവിടങ്ങളിൽ നിന്നും കൂടുതൽ ഓർഡറുകൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. കയറുൽപ്പന്നങ്ങളുടെ ഉപയോഗം സംബന്ധിച്ച് ഒരു അവബോധം മറ്റു രാജ്യങ്ങളിൽ ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക<br>• ആഭ്യന്തര വിപണനം സജീവമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക<br>• ഉത്പന്ന വൈവിധ്യവത്ക്കരണം ശക്തിപ്പെടുത്തുക.<br>• പുതുതലമുറയെ കയർ മേഖലയിലേക്ക് ആകർഷിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ സജ്ജമാക്കുക. |
| (ഡി) | സംസ്ഥാനത്ത് വിവിധയിടങ്ങളിൽ കയർ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (ഡി) | **(ഡി)** വ്യവസായ വകുപ്പിന്റെ DA/DP പദ്ധതിപ്രകാരം ആലപ്പുഴ ജില്ലയിൽ 2 കയർ പാർക്കുകൾ നിലവിലുണ്ട്. കൂടാതെ പ്രവർത്തനരഹിതമായ കയർ സംഘങ്ങളുടെ ഭൂമിയും കെട്ടിടങ്ങളും കയർ ക്ലസ്റ്റർ സംരംഭങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

<u>കയർ വിദഗ്ധ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ</u>

- കയർ മേഖലയിലെ എല്ലാ പൊതുമേഖല സ്ഥാപനങ്ങളെയും ഫലപ്രദമായി ഏകോപിപ്പിച്ച് കൊണ്ടുപോകുന്നതിനായി സ്വീകരിച്ച നടപടികളുടെ ഭാഗമായി ഗോഡൗണുകളിൽ കെട്ടികിടന്ന കയർ വിറ്റഴിക്കുവാനും, അതുവഴി വാടക ഗോഡൗണുകൾ ഒഴിപ്പിക്കുവാനും സാധിച്ചു. ഇതിൽ കയർഫെഡിന്റെ - 24 ഗോഡൗണുകളും, കയർ കോർപ്പറേഷന്റെ-6 ഗോഡൗണുകളും ഉൾപ്പെടുന്നു. കൂടാതെ ഒരേ പ്രവർത്തന സ്വഭാവമുള്ള പൊതുമേഖല സ്ഥാപനങ്ങളായ കയർ കോർപ്പറേഷനും, ഫോംമാറ്റിംഗ്സും തമ്മിലുള്ള ലയന നടപടി പൂർത്തീകരിച്ചു വരുന്നു.
- തമിഴ്നാട് ഉൾപ്പെടെയുള്ള അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കാതെ, കേരളത്തിലെ കയർ സംഘങ്ങൾക്ക് ആവശ്യമായ അളവിൽ ഗുണനിലവാരമുള്ള ചകിരി യഥാസമയം ലഭ്യമാക്കുന്നതിനു വേണ്ടി Fibre Bank എന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനായി സർക്കാരിന്റെ സഞ്ചിത നിധിയിൽ നിന്നും ഒരു നിശ്ചിത തുക കയർ ഡയറക്ടറുടെയും, കയർഫെഡ് എം.ഡിയുടെയും ഒരു സംയുക്ത അക്കൗണ്ടിലേക്ക് നൽകുന്നു. ചകിരിയുടെ ആവശ്യകത സംബന്ധിച്ച് കയർഫെഡും, കയർ കോർപ്പറേഷനും നൽകുന്ന റിപ്പോർട്ട് അനുസരിച്ച് പ്രത്യേകമായി രൂപീകരിച്ചിട്ടുള്ള Fibre Procurement Committee ആവശ്യം വേണ്ട അളവ് ചകിരി വർഷത്തിൽ രണ്ട് തവണ 6 മാസത്തെ ഇടവേളയിൽ tender നടപടിക്രമത്തിലൂടെ വാങ്ങുന്നതാണ്. ഈ പദ്ധതിയിലൂടെ NCRMI യുടെ സഹായത്തോടെ ഗുണനിലവാരം ഉറപ്പാക്കി, കയർസംഘങ്ങൾക്ക് ആവശ്യമായ അളവിൽ ചകിരി യഥാസമയം നൽകാൻ കയർഫെഡിന് സാധിക്കുന്നതാണ്. ഇതിനായി 5 **കോടി രൂപയുടെ** ഭരണാനുമതിയും, ആദ്യഘട്ടമായി പദ്ധതി ആരംഭത്തിനായി **1.25 കോടി രൂപയും** അനുവദിച്ചിട്ടുണ്ട്. ഇതിലൂടെ ചകിരി ദൗർലഭ്യത്തിന് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഗുണമേന്മയുള്ള തൊണ്ട് സംഭരിക്കുന്നതിനായി കയർ കൺസോർഷ്യം, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, കയർഫെഡ് എന്നീ സ്ഥാപനങ്ങളുടെ മേൽ നോട്ടത്തിൽ വീടുകളിൽ നിന്ന് നേരിട്ട് തൊണ്ട് ശേഖരിക്കുന്നതിനുള്ള പദ്ധതിയും രൂപീകരിച്ചിട്ടുണ്ട്.

- കയർപിരി സംഘങ്ങൾക്ക് കയർ വിലയും കയർ ഉല്പന്ന നിർമ്മാണ സംഘങ്ങൾക്ക് ഉല്പന്ന വിലയും യഥാസമയം നൽകുന്നതിനായി 10 **കോടി രൂപയുടെ** "Revolving Fund" ന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലൂടെ സംഘങ്ങൾക്ക് കയർ വില സമയബന്ധിതമായി നൽകാൻ കഴിയും.
- യന്ത്രവത്ക്കരണത്തിന്റെ ഭാഗമായി സ്ഥാപിച്ച മെഷിനുകളുടെ Annual Maintenance Contract ചെയ്യുന്ന ഉത്തരവാദിത്വം കയർ മെഷിനറി കമ്പനിക്ക് നൽകുകയും സർക്കാർ അതിന്റെ ചെലവ് വഹിക്കുകയും ചെയ്യുന്നു. കയർ മെഷിനറി കമ്പനി ഇതുവരെ 465 ASM- കൾ റിപ്പയർ ചെയ്തു കഴിഞ്ഞു. ഇതുവഴി നിലവിൽ 30-50 Kg (140 റണ്ണേജ്) ആയിരുന്ന കയർ ഉല്പാദനവും റണ്ണേജും 50-65 Kg (160 റണ്ണേജ്) - വരെ ആയി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ ഈ മെഷീനുകളിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് ആവശ്യമായ പരിശീലനവും, അറ്റകുറ്റപ്പണി ചെയ്യുന്നതിനോടൊപ്പം നൽകി വരുന്നു. കഴിഞ്ഞ രണ്ട് വർഷങ്ങളിലായി 450 പേർക്ക് കയർ മെഷിനറി കമ്പനി ASM കളിൽ ട്രെയിനിംഗ് നൽകി കഴിഞ്ഞു. മെഷിനുകളുടെ AMCക്കായി 2024-25 സാമ്പത്തിക വർഷം 1.47 **കോടി രൂപ**യും, 2025-26 സാമ്പത്തിക വർഷം 2.6 **കോടി രൂപ**യും അനുവദിച്ചിട്ടുണ്ട്. ഡിഫൈബറിംഗ് മെഷിനുകളുടെ നവീകരണത്തിനായി ഈ സാമ്പത്തിക വർഷം 1.18 **കോടി രൂപ** അനുവദിച്ചു.

- മാർക്കറ്റിൽ ഡിമാന്റുള്ള ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനായി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ National Institute of Design (NID)ഭോപ്പാലുമായി ചേർന്ന് കയർ മേഖലയിലെ ഡിസൈൻ വൈവിധ്യവത്ക്കരണത്തിനും, പരിശീലനത്തിനുമായിട്ടുള്ള പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 450 തൊഴിലാളികളുടെ പരിശീലനം പൂർത്തിയാക്കി. ഇത്തരത്തിൽ പരിശീലനം പൂർത്തിയാക്കിയവരുടെ തൊഴിൽ ഉറപ്പ് വരുത്തുന്നതിനായി ഒരു കയർ ഉൽപ്പന്ന സംഘം കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ പിന്തുണയോടുകൂടി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പരിശീലനം പൂർത്തിയാക്കിയ തൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യങ്ങളും തൊഴിലും ഉറപ്പു വരുത്തുന്നതിനായി ഒരു

കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ ആരംഭിക്കുന്നതിന് **99.15 ലക്ഷം** രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇത്തരത്തിൽ പരിശീലനം ലഭിച്ചവർക്ക് സ്റ്റാർട്ട് അപ് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ കയർ കോർപ്പറേഷന്റെ നേതൃത്വത്തിൽ നടന്നു വരുന്നു.

- കയർ സഹകരണ സംഘങ്ങളിലെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി സംഘം തൊഴിലാളികളുടെ തൊഴിൽ നൈപുണ്യ വികസനത്തിന്റെ ഭാഗമായി NCRMI ഇലക്ട്രോണിക്ക് റാട്ടിൽ 20 വനിത തൊഴിലാളികളടങ്ങുന്ന 56 ബാച്ചുകളിലായി 1120 പേർക്കും, ഓട്ടോമാറ്റിക്ക് സ്പിന്നിങ്ങ് മെഷീനിൽ 10 വനിത തൊഴിലാളികളടങ്ങുന്ന 177 ബാച്ചുകളിലായി 1770 പേർക്കും ഫ്രെയിംമാറ്റ് നിർമ്മാണ പരിശീലനത്തിന്റെ ഭാഗമായി 8 ബാച്ചുകളിലായി 80 സ്ത്രീ തൊഴിലാളികൾക്കും പരിശീലനം നൽകി.

- ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ (എ എസ് എം), ഡീഫൈബറിംഗ് യൂണിറ്റ് (ഡി എഫ്) എന്നീ യന്ത്രവൽകൃത കയർ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് തൊഴിലിടങ്ങളിൽ സംഭവിക്കുന്ന അപകടങ്ങൾക്ക് പരിരക്ഷ നൽകുന്നതിന് ഒരു അപകട ഇൻഷ്വറൻസ് പദ്ധതി 1000 ഗുണഭോക്താക്കളെ ഉൾപ്പെടുത്തിക്കൊണ്ട് നടപ്പിലാക്കി. ഈ പദ്ധതി പ്രകാരം തൊഴിലിടങ്ങളിൽ ഉണ്ടാകുന്ന അപകടങ്ങൾക്ക് **ആശുപത്രി ചെലവായി 1 ലക്ഷം രൂപയുടെ ക്യാഷ് ലെസ്സ്** സൗകര്യവും, പൂർണ്ണമായോ ഭാഗികമായോ ഉണ്ടാകുന്ന അംഗവൈകല്യം, ജീവഹാനി എന്നിവയ്ക്ക് **3 ലക്ഷം രൂപയുടെ പരിരക്ഷയും** ലഭിക്കുന്നു. കൂടാതെ, കയർ ക്ഷേമനിധി ബോർഡ് വഴി കയർ തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷുറൻസ് നടപ്പിലാക്കുന്നതിനായി **17.40 ലക്ഷം രൂപയുടെ പദ്ധതിക്ക് സർക്കാർ അംഗീകാരം** നൽകിയിട്ടുണ്ട്.
- എ എസ് എം മെഷീൻ-ൽ വിവിധ റണ്ണേജിൽ കയർ പിരിക്കാനുള്ള സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൈലറ്റ് സ്കെയിൽ സ്പിന്നിങ് യൂണിറ്റ് വിപുലീകരിക്കുന്നതിനായുള്ള പദ്ധതിക്ക് നടപ്പ് സാമ്പത്തിക വർഷം **30,32,000/- (മുപ്പത് ലക്ഷത്തി മുപ്പത്തിരണ്ടായിരം രൂപ** മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ **10 ലക്ഷം രൂപ** വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ എം എസ് ഇ- സി ഡി പി പദ്ധതിയിലൂടെ നൽകുന്ന സഹായവും പ്രയോജനപ്പെടുത്തുന്നതാണ്.

ഇത്തരത്തിൽ വിവിധ റണ്ണേജിലുള്ള കയർ പിരിയ്ക്കുന്നതിനുള്ള മെഷീനുകൾ ഉൾപ്പെടുത്തി കൂടുതൽ ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

- ഈ സർക്കാരിന്റെ കാലത്ത് മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് 27 കോടി രൂപയും മാർക്കറ്റ് ഡവലെപ്പ്മെന്റ് അസിസ്റ്റന്റ് പദ്ധതിക്ക് സംസ്ഥാന വിഹിതമായി 46 കോടി രൂപയും വകയിരുത്തിയിരുന്നു. ഈ പദ്ധതി പ്രയോജനപ്പെടുത്തി നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾ അന്താരാഷ്ട്ര ആഭ്യന്തര തലത്തിൽ നടത്തുന്ന വിവിധ പ്രദർശന മേളകളിൽ പങ്കെടുക്കുന്നുണ്ട്.
- കാലോചിതമായ മാർക്കറ്റിംഗ് തന്ത്രങ്ങൾ ആവിഷ്കരിച്ചതിന്റെ ഭാഗമായി ആഭ്യന്തര വിദേശ മാർക്കറ്റുകളിൽ കയറിനും കയറുൽപന്നങ്ങൾക്കും വിപണി കണ്ടെത്താൻ സാധിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി Amazon, Pepper Fry, India Mart, Sams Club, K-shoppie, Walmart എന്നീ ഓൺലൈൻ ഫ്ലാറ്റ്ഫോമുകളിൽ കയർ ഉല്പന്നങ്ങൾ വിപണനം നടത്തി വരുന്നു. കൂടാതെ കയർ ഉത്പ്പന്നങ്ങളുടെ വിപണനത്തിനായി തിരുവനന്തപുരം ലുലു മാളിൽ ചരിത്രത്തിലാദ്യമായി സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കയർ കോർപ്പറേഷന്റെ ഷോറൂം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതോടൊപ്പം വിദേശ രാജ്യങ്ങളായ USA, UK, Australia, Brasil, Italy, Polland, France, Middle East, Venezula എന്നീ രാജ്യങ്ങളിലേയ്ക്ക് കയറുത്പ്പന്നങ്ങളും കയർ മേഖലയ്ക്ക് ആവശ്യമായ യന്ത്ര സാമഗ്രികളും കയറ്റുമതി ചെയ്തു വരുന്നു.

- വിപണി വ്യതിയാനങ്ങൾക്ക് അനുസരിച്ച് കാലാനുസൃതമായി ചകിരി, കയർ വില പുന:ക്രമീകരിക്കുന്നതിന് കയർഫെഡ് പ്രസിഡണ്ട് ചെയർമാനായും, കയർ വിദഗ്ധ സമിതി അംഗം, സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് പ്രതിനിധി എന്നിവർ അംഗങ്ങളായും ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ സമിതി മൂന്ന് മാസത്തിലൊരിക്കൽ ചേർന്ന് വില നിർണ്ണയിക്കുന്നുണ്ട്. ഈ സാമ്പത്തിക വർഷം കയർവില നിർണ്ണയ കമ്മിറ്റി 2 തവണ ചേർന്ന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

---



സെക്ഷൻ ഓഫീസർ